1

## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 802** | **30.10.2019-ൽ മറുപടിയ്ക്ക്**

## ഗോത്രരശ്മി പദ്ധതി

**ചോദ്യം**
ശ്രീ.എ.പി. അനിൽ കുമാർ

**മറുപടി**
എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികഗോത്രവർഗ്ഗക്കാരുടെ സമഗ്രവികസനത്തിനായി ഗോത്രരശ്മി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) | ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ മുതുവാൻ, മന്നാൻ, ഊരാളി, പളിയ, ഹിൽപുലയ എന്നീ വിഭാഗങ്ങളെ തെരഞ്ഞെടുത്ത് അവർ ഇന്നു നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ശക്തമായ ഒരു നേതൃനിര വാർത്തെടുക്കുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ്, വിവ എന്ന സാംസ്കാരിക സംഘടനയുടെ സഹകരണത്തോടെ 'ഗോത്രരശ്മി' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജില്ലയിലെ പട്ടിക വർഗ്ഗക്കാരുടെ സാമൂഹിക ശാക്തീകരണത്തിന് ടി പദ്ധതി പ്രയോജനപ്പെട്ടിട്ടുണ്ട്. |
| ബി) | ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ പട്ടികഗോത്രവിഭാഗങ്ങൾക്ക് ഉണ്ടായിട്ടുള്ള ഉന്നമനം വ്യക്തമാക്കുമോ? | ബി) | പട്ടികവർഗ്ഗക്കാരുടെ ജീവിത രീതികളിലെ സാംസ്കാരിക തനിമ നിലനിർത്തിക്കൊണ്ട് പുതിയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും ആരോഗ്യ വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ കരുത്താർജ്ജിക്കുന്നതിനും അവർക്ക് ആത്മ വിശ്വാസം പകരുന്നതിനും ലക്ഷ്യം വച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്.<br>ഗോത്ര വിഭാഗങ്ങളുടെ കാലാരൂപങ്ങൾ, കൃഷി, ആചാരാനുഷ്ഠാനങ്ങൾ, ഋതു ഭേദ സഞ്ചാര പഠനത്തിലൂടെ മനസ്സിലാക്കൽ, ആയതനുസരിച്ചുള്ള കൃഷി രീതി നടപ്പിലാക്കൽ, കാർഷിക സംസ്കൃതി പരിപോഷിപ്പിക്കൽ, ലഹരി വിമുക്ത പ്രവർത്തനം, സ്ത്രീ |

സൗഹൃദ ഊരുകളുടെ നിർമ്മിതി, നിർണ്ണായകമായ തീരുമാനമെടുക്കൽ പ്രക്രിയയിൽ കടന്നു വരുവാൻ യുവതീ യുവാക്കളെ പ്രാപ്തമാക്കൽ തുടങ്ങിയവയാണ് ഗോത്ര രശ്മി എന്ന പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി.

ഇടുക്കി ജില്ലയിലെ 5 പ്രധാനപ്പെട്ട ഗോത്ര സമൂഹങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും വിശകലനം ചെയ്യുന്നതിനും സാധിച്ചു.

- ഗോത്രസമൂഹത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ യഥാസമയം കണ്ടെത്തി ഭരണ സംവിധാനങ്ങൾക്ക് മുൻപിൽ അവ വ്യക്തമായി അവതരിപ്പിച്ച്, ഫലപ്രദമായ രീതിയിൽ അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും പ്രാപ്തിയുള്ള 50 ഗോത്ര രശ്മി ഗ്രൂപ്പുകൾ രൂപീകരിച്ചു.
- 200 സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ചു.
- 5 ഇടങ്ങളിലായി മതനിരപേക്ഷ കൂട്ടായ്മകൾ സംഘടിപ്പിച്ചു.
- സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തി.
- വായന ശാലകൾ രൂപീകരിച്ചു.
- ഓർഗാനിക് തീയറ്ററിന്റെ ഭാഗമായി 5 ഇടങ്ങളിലായി 8 ഏക്കറിൽ കൃഷി നടത്തി.
- ലഹരി ബോധവത്ക്കരണത്തിന്റെ ഭാഗമായി തെരുവ് നാടക സംഘം രൂപീകരിച്ചു.
- ഗോത്ര വർഗ്ഗജനതയെ സംബന്ധിച്ച് പ്രാഥമിക വിവര ശേഖരണം നടത്തി
- ഋതുഭേദ സഞ്ചാര പഠന പുസ്തകം തയ്യാറാക്കി.

സാമൂഹിക പരിവർത്തനങ്ങളും സാമ്പത്തിക ഉന്നതിയും ഗോത്ര സംസ്കൃതിയും പരിരക്ഷിച്ചുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് ഗോത്രരശ്മി. കാർഷികവൃത്തി മുതൽ പരമ്പരാഗതകലകളെവരെ പരസ്പരം സമന്വയിപ്പിച്ച് കൊണ്ടുള്ള ഒരു നേതൃത്വപരിശീലനവും ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിരുന്നു. കാലാവസ്ഥയ്ക്ക് അനുസൃതമായ രീതിയിൽ പണ്ടുകാലങ്ങളിൽ ചെയ്തു

| | | | |
|---|---|---|---|
| | | | വന്നിരുന്ന കൃഷി രീതി അനുവർത്തിക്കുന്നതിനും ഗോത്രരശ്മി ഉപകരിച്ചു. മദ്യം, മയക്കു മരുന്നുകൾക്കെതിരെയുള്ള ബോധ വത്ക്കരണ പരിപാടികളും പാരമ്പര്യകലകളുടെ സംരക്ഷണവും, കാർഷിക സംസ്കൃതിയുടെ പരിപാലനവും ഉൾപ്പെടെ ഉറപ്പാക്കുന്ന ഒരു പദ്ധതിയാണ് ഗോത്രരശ്മി. |

സെക്ഷൻ ഓഫീസർ